ശ്രീമതി കെ. ആർ. ഗൗരി: സർ, കഴിഞ്ഞ പ്രാവശ്യം ഹൈക്കോടതിയിലേക്ക് ഗവൺമെൻറ് പ്ലീഡേഴ്സിനെ (ജൂനിയറും, സീനിയറും) നിയമിച്ചിട്ടുണ്ടായിരുന്ന തസ്തിക ഇത്ര പോസ്റ്റ് എന്നു പറഞ്ഞിട്ടുണ്ടായിരുന്നു. ഈ മന്ത്രിസഭ അധികാരത്തിൽ വന്നശേഷം ആ പോസ്റ്റ് കൂട്ടിയിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: കൂട്ടിയിട്ടുണ്ട്. സീനിയർ ഒന്നും, ജൂനിയർ ഒന്നും കൂട്ടിയിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: ആദ്യം പറഞ്ഞ ലിസ്റ്റിൽ ഉണ്ടായിരുന്ന ഒരാളെ അപ്പോയിൻറ് ചെയ്യാതിരിക്കുകയും അതിനുപകരം വേറെ ഒരാളെ അപ്പോയിൻറ് ചെയ്യുകയും ചെയ്തതിനുശേഷം ചില പ്രത്യേക പ്രതികരണങ്ങൾ വന്നപ്പോഴല്ലേ പോസ്റ്റ് കൂട്ടിയത്.

ശ്രീ. സി. അച്യുതമേനോൻ: ചോദ്യം മനസ്സിലായില്ല.

ശ്രീമതി കെ. ആർ. ഗൗരി: ഗവൺമെൻറ് പ്ലീഡേഴ്സ് എന്നുള്ള നിലയ്ക്ക് എത്ര പോസ്റ്റുണ്ടായിരുന്നു. ജൂനിയർ ഗവൺമെൻറ് പ്ലീഡേഴ്സ്, സീനിയർ ഗവൺമെൻറ് പ്ലീഡേഴ്സ്, എന്ന്. അതിലേക്ക് ആവശ്യമുള്ള പോസ്റ്റിൽ മുഴുവൻ ആളുകളേയും നിയമിച്ചുകഴിഞ്ഞതിനുശേഷം നേരത്തെയുള്ള ലിസ്റ്റിൽനിന്ന് ഒരാളെ നിയമിക്കാതെവന്നപ്പോൾ ഭരണകക്ഷിയിൽപ്പെടുന്ന ചില പാർട്ടിക്കാർ അതിനെതിരായി നിന്നപ്പോഴല്ലേ പുതിയ ഒരു പോസ്റ്റ് ഉണ്ടാക്കി പുതിയ ഒരാളെ നിയമിച്ചത്?

ശ്രീ. സി. അച്യുതമേനോൻ: അല്ല. അഡ്വക്കേറ്റ് ജനറൽ ശുപാർശ ചെയ്തത് സീനിയർ ഗവൺമെൻറ് പ്ലീഡേഴ്സ് ആറും ജൂനിയർ ഗവൺമെൻറ് പ്ലീഡേഴ്സ് ആറും വേണമെന്നാണ്. മുൻ ഗവൺമെൻറിൻെറ കാലത്ത് അഞ്ചുമതിയെന്നു നിശ്ചയിച്ചു. ഞങ്ങൾ പരിശോധിച്ചപ്പോൾ ആറുവേണമെന്നു തോന്നി അതുകൊണ്ടാണ് നിയമിച്ചത്.

ശ്രീമതി കെ. ആർ. ഗൗരി: സർ, അതു രണ്ടാമത് തീരുമാനിക്കാനുണ്ടായ കാരണമെന്താണ്? ആദ്യം ഇത്ര പോസ്റ്റ് മാത്രം നിയമിക്കുകയും അതിനുശേഷം രണ്ടാഴ്ച കഴിഞ്ഞു പുതിയ ആളെ നിയമിക്കുകയും ചെയ്യാനുള്ള കാരണമെന്താണ്?

ശ്രീ. സി. അച്ചുതമേനോൻ: ഇന്ന തീയതിക്ക് നിയമിക്കാൻ എന്താണ് കാരണം എന്നു ചോദിച്ചാൽ ആവശ്യമെന്നു കണ്ടപ്പോൾ നിയമിച്ചു എന്നു മാത്രമേ പറയാൻ സാധിക്കുകയുള്ളു.

മുൻ ധനകാര്യമന്ത്രി ശ്രീ. പി. കെ. കുഞ്ഞിനെതിരായുള്ള ആരോപണങ്ങൾ

* 126 (456) ശ്രീ. പി. എൻ. ചന്ദ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ധനകാര്യമന്ത്രി ശ്രീ. പി. കെ. കുഞ്ഞിനെതിരെ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് അന്വേഷണം നടത്തണമെന്നു കാണിച്ച് ഈ അടുത്ത കാലത്ത് ആരെങ്കിലും പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻെറ അടിസ്ഥാനത്തിൽ എന്തുനടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) സമർപ്പിച്ചിട്ടുണ്ട്.

(ബി) അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ആ കേസിൽ ഒരു ഐപമാഫേസി കേസുണ്ടോ എന്നുള്ളതിനെ സംബന്ധിച്ച് ഉപദേശം തരാനായി റിട്ടയേർഡ് ഹൈക്കോടതി ജഡ്ജായ ശ്രീ. ജി. കുമാരപിള്ളയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

ശ്രീ. എം. കെ. എ. ഹമീദ്: ഗവൺമെന്റ് നിയമിച്ച കുമാരപിള്ള അദ്ദേഹത്തെ അതിൽനിന്ന് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: അങ്ങനെയല്ല. ആ പെറ്റീഷൻ തന്നെ ആദ്യം തന്നെ പിന്നീട് ഒരു നിവേദനം സമർപ്പിച്ചിട്ടുണ്ട്. കുമാരപിള്ള കേരളാ ഫൈനാൻസ് കോർപ്പറേഷന്റെ നിയമോപദേഷ്ടാവായിരുന്നു. ആ നിലയ്ക്ക് അദ്ദേഹം ഈ കേസിൽ പറയുന്ന ചില കാര്യങ്ങളെ സംബന്ധിച്ച് ഒരു ഉപദേശം കൊടുത്തിട്ടുണ്ട്. അതുകൊണ്ട് അദ്ദേഹത്തെ ഈ കാര്യങ്ങളിൽ ജഡ്ജിയായി നിയമിക്കുന്ന കാര്യം ശരിയല്ലെന്നു കാണിച്ചുകൊണ്ട് ഗവൺമെന്റിലേക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. അത് ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അവസാന തീരുമാനം എടുത്തിട്ടില്ല.

ശ്രീ. എം. കെ. എ. ഹമീദ്: മുൻമന്ത്രി പി. കെ. കുഞ്ഞ് സാഹിബിന്റെ പേരിൽ മുൻ ഗവൺമെന്റിന്റെ കാലത്ത് ചില ആരോപണങ്ങളെ അടിസ്ഥാനമാക്കി അന്വേഷണത്തിന് ഉത്തരവിടുകയും ഇപ്പോൾ ഹൈക്കോടതി ആ ഉത്തരവ് റദ്ദാക്കുകയും ചെയ്യുകയുണ്ടായി. ഹൈക്കോടതി വിധിയുടെ വെളിച്ചത്തിൽ ശ്രീമാൻ കുഞ്ഞുസാഹിബ് തികച്ചും ആരോപണവിമോചിതനായിരിക്കുന്നു എന്നുള്ള അഭിപ്രായമാണോ, അതോ സാങ്കേതികാടിസ്ഥാനത്തിലുള്ള വിധിയായിട്ടാണോ ഈ ഗവൺമെന്റ് കണക്കാക്കിയിട്ടുള്ളത്.

ശ്രീ. സി. അച്യുതമേനോൻ: ഈ ഗവൺമെന്റ് അതിനെ സംബന്ധിച്ച അഭിപ്രായം രൂപീകരിച്ചിട്ടില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഗവൺമെന്റിനെ പ്രതിനിധാനം ചെയ്യുന്ന കക്ഷികൾ ഇ. എം. എസ്. മന:പൂർവമാണ് കുഞ്ഞിനെ ആരോപണ വിധേയനാക്കിയത് എന്നു ഹൈക്കോടതി വിധിക്കുശേഷം പ്രസ്താവനകൾ ഇറക്കിയില്ലേ? ഗവൺമെന്റിനെ പ്രതിനിധീകരിക്കുന്ന കക്ഷികൾക്ക് ആ അഭിപ്രായമുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: ഗവൺമെന്റിനെ പ്രതിനിധീകരിക്കുന്ന കക്ഷികൾക്കുള്ള അഭിപ്രായമൊന്നും പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അവർ പറയുന്നതൊക്കെ പത്രങ്ങളിൽ വായിച്ചു കാണുമല്ലോ. അതിൽ ഒരു കൺക്ലൂഷനിൽ എത്തിയിട്ടില്ലേ!

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഇന്നിപ്പോൾ അന്വേഷണ വിധേയമായിട്ടുള്ള ആരോപണങ്ങൾ മുൻ ഗവൺമെന്റിന്റെ അന്വേഷണത്തിനു വിധേയമായിട്ടുള്ള ആരോപണങ്ങളാണോ, അതോ പുതിയ ആരോപണങ്ങളാണോ? അതോ അതിൽനിന്നു വ്യത്യസ്തമായ ആരോപണങ്ങളാണോ?

ശ്രീ. സി. അച്യുതമേനോൻ: ആരോപണങ്ങളെ സംബന്ധിച്ച് ഇപ്പോൾ ഒന്നും പറയുന്നതു ശരിയായിരിക്കുകയില്ലെന്നാണ് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly